"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല - കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് - അജൈവ മാലിന്യങ്ങൾ നീക്കം ചെയ്തതിന്റെ തുക തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ) നം.887/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 15/05/2020

പരാമർശം:- 1.സ.ഉ (സാധാ ) നം.587/2019/ഡി.എം.ഡി തീയതി5/9/2019.

2. കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 14/03/2020 ലെ എ1/3948/19 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ലെ ഉത്തരവ് പ്രകാരം പ്രളയബാധിതമായി പ്രഖ്യാപിക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതു ഇടങ്ങൾ വൃത്തിയാക്കുന്നതിന് വാർഡ് ഒന്നിന് 50000/- രൂപ അനുവദിച്ചിട്ടുണ്ട് .പ്രസ്തുത ഉത്തരവ് പ്രകാരം കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്തിലെ പൊതു ഇടങ്ങൾ വൃത്തിയാക്കി ശേഖരിച്ച വെച്ച അജൈവ മാലിന്യങ്ങൾ കൊണ്ടു പോകുന്നതിന് ക്വട്ടേഷൻ ക്ഷണിച്ച് കേരള സ്ക്രാപ് മർച്ചന്റ് അസോസിയേഷൻ മുക്കം എന്ന സ്ഥാപനത്തിന് കരാർ നൽകുകയും ചെയ്തു. ആകെ 224.195 ടൺ മാലിന്യം നീക്കം ചെയ്തതിന് 896780/- രൂപ ടി സ്ഥാപനത്തിന് നൽകാനുള്ളതിൽ 400000/- (നാല് ലക്ഷം) രൂപ തനത് ഫണ്ടിൽ നിന്നും അനുവദിക്കണമെന്നും ദുരന്ത നിവാരണ വകുപ്പിൽ നിന്നും തുക ലഭ്യമാകുന്ന മുറയ്ക്ക് തനത് ഫണ്ടിൽ വരവ് വെക്കുന്നതിന് സാധൂകരണം ലഭ്യമാക്കണമെന്നും കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊടിയത്തൂർ ഗ്രാമപഞ്ചായത്തിലെ പൊതു ഇടങ്ങൾ വൃത്തിയാക്കി ശേഖരിച്ച വെച്ച അജൈവ മാലിന്യം നീക്കം ചെയ്യുന്നതിന് ചെലവായ തുകയിൽ 4,00,000/- (നാല് ലക്ഷം മാത്രം) രൂപ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**അനിൽ കുമാർ ജി**
**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പ്രസിഡന്റ് / സെക്രട്ടറി, കൊടിയത്തൂർ ഗ്രാമപഞ്ചായത്ത്, കോഴിക്കോട്

ദുരന്ത നിവാരണ (എ) വകുപ്പ്

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ